**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ ജനസേവ മെഡിക്കൽസിലെ ഫാർമസിസ്റ്റ്,അസി.ഫാർമസിസ്റ്റ് എന്നിവരുടെ വേതനം തനതു ഫണ്ടിൽ നിന്ന് നൽ കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2380/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, 22/12/2020

---

പരാമർശം:- വെള്ളാങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 05/12/2018,16/10/2020 തീയതികളിലെ അപേക്ഷ

2.പഞ്ചായത്ത് ഡയറക്ടറുടെ 04/03/2019 ലെ PAN/821/2019-G1(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ ജനസേവ മെഡിക്കൽസിലെ ഫാർമസിസ്റ്റ്, അസി. ഫാർമസിസ്റ്റ് എന്നിവരുടെ വേതനം തനതു ഫണ്ടിൽ നിന്ന് നൽകണമെന്ന പഞ്ചായത്ത് പ്രസിഡന്റിന്റെ ആവശ്യത്തിന്മേൽ സർക്കാർ അനുമതി വേണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ ജനസേവ മെഡിക്കൽസിലെ ഫാർമസിസ്റ്റിന് 2018 മാർച്ച് മുതൽ 2019 മെയ് വരെ നൽകുവാനുള്ള കുടിശ്ശിക 9000/-രൂപ പ്രകാരം 135000/-രൂപയും, ഫാർമസിസ്റ്റ്, അസി. ഫാർമസിസ്റ്റ് എന്നിവർക്ക് ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും യഥാക്രമം 9000, 6500 രൂപ വീതം 2019 ജൂൺ മുതൽ വേതനം അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, വെള്ളാങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.12.22 14:27:32 IST
Reason: Approved